**വിവരാവകാശ നിയമം 2005**

**അടിയന്തരം**

20/12

**കേരള സർക്കാർ**

28 DEC 2018

നം.382/സി3/2018/സാനീവ

സാമൂഹ്യനീതി(സി) വകുപ്പ്
തീയതി, തിരുവനന്തപുരം, 24/12/2018.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

ശ്രീ.ഷാജി ഉണ്ടത്തിൽ,
വിവരാവകാശ പ്രവർത്തകൻ
അടിമാലി.പി.ഒ., ഇടുക്കി ജില്ല.
(ഫോൺ നം.8547525225).

017922

സർ,

വിഷയം : സാനീവ –വിവരാവകാശ നിയമം 2005 - വിവരങ്ങൾ ലഭ്യമാക്കുന്നത് – സംബന്ധിച്ച്.

സൂചന : 21.12.2018-ൽ ലഭ്യമായ താങ്കളുടെ 15.12.2018 തീയതിയായ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സൂചന വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഈ പൊതു അധികാരിയുടെ പക്കൽ ലഭ്യമല്ല. ആയത് താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശനിയമം 2005 സെക്ഷൻ 6(3) പ്രകാരം റവന്യൂ വകുപ്പിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും, സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ കത്തിടപാടുകൾ മേൽ ഓഫീസുകളുമായി നടത്തണമെന്ന് താത്പര്യപ്പെടുന്നു.

ഈ വകുപ്പിലെ അപ്പീൽ അധികാരിയുടെ വിലാസം താഴെ കൊടുക്കുന്നു.

ശ്രീമതി.ലീലാമണി.കെ.എം.
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്, നോർത്ത് ബ്ലോക്ക്, ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

**ശാരദാ ദേവി.യു.**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.

പകർപ്പ്: 1) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, റവന്യൂ വകുപ്പ്.
2) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്.
(അപേക്ഷകന് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നതിനായി സൂചന വിവരാവകാശ അപേക്ഷയുടെ പകർപ്പ് ഇതോടൊന്നിച്ചയക്കുന്നു.)

ഷാജി തുണ്ടത്തിൽ
വിവരാവകാശ പ്രവർത്തകൻ
അടിമാലി പി.ഒ.
ഇടുക്കി ജില്ല- 685561
ഫോൺ - 8547525225

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം : വിവരാവകാശനിയമ പ്രകാരം നൽകുന്ന അപേക്ഷ

കേരളത്തിൽ കഴിഞ്ഞ 20 വർഷത്തിനിടയിൽ

1. വീടും ഭൂമിയും കൃഷിയിടങ്ങളും നഷ്ടപ്പെട്ടവരുടെ പേര്, മേൽവിലാസം, ഫോൺനമ്പർ, നാശനഷ്ടത്തിന്റെ സ്വഭാവം, സംഭവത്തേക്കുറിച്ചു ലഭ്യമായ വിവരണം.

2. പ്രകൃതിക്ഷോഭം പോലുള്ള ദുരന്തങ്ങളിൽപ്പെട്ട് കാണാതായവരേയും അംഗഭംഗം സംഭവിച്ചവരേയും സംബന്ധിച്ചുള്ള വിവരങ്ങൾ.

3. 1998-99 മുതൽ ഓരോ വർഷവും ദുരന്തനിവാരണത്തിനു വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ, ചെലവഴിച്ചിട്ടുള്ള തുക

എന്നിവ ജില്ലാടിസ്ഥാനത്തിൽ തരണമെന്ന് വിവരാവകാശ നിയമ പ്രകാരം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

അടിമാലി
15 - 12 - 2018

ഷാജി തുണ്ടത്തിൽ
വിവരാവകാശ പ്രവർത്തകൻ

[redacted]